# പതിനാലാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 119 | 04.02.2019 ൽ മറുപടിക്ക്

### വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

**ചോദ്യം**

**ശ്രീ.കെ.ഡി. പ്രസേനൻ**
**,, ബി.ഡി. ദേവസ്സി**
**,, പി.ടി.എ. റഹീം**
**,, റ്റി.വി.രാജേഷ്**

(എ) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) വില്ലേജ് ആഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

**1.ഇ- ഡിസ്ട്രിക്ട്**

വില്ലേജ്/ താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ- ഡിസ്ട്രിക്ട്. ഇതു വഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

**2. ആർ.ആർ. ഓൺലൈൻ**

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ടേറ്റ്, താലൂക്ക്,

വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

**3. ഇ- പെയ് മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ് മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പെയ് മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**4. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)**

ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടു കൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

**5.ഇ- ഓഫീസ്**

ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കി വരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽ നിന്ന് പൊതു സമൂഹത്തിന് ഉറപ്പുവരുത്തുന്നതിനു വേണ്ടി ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നത്.

വിവിധ വിഭാഗത്തിലുള്ള സേവനങ്ങളെയും അതുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതിയും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ ഓഫീസ് സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

(ബി) വില്ലേജ് ഓഫീസുകളിൽ നിന്നും നിലവിൽ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി നൽകി വരുന്നത്;

(ബി) വില്ലേജ് ആഫീസുകളിൽ നിന്നും നിലവിൽ ഓൺലൈനായി നൽകി വരുന്ന സർട്ടിഫിക്കറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. സോൾവൻസി സർട്ടിഫിക്കറ്റ്
11. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
12. കൺവെർഷൻ സർട്ടിഫിക്കറ്റ്
13. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
14. അഗതി സർട്ടിഫിക്കറ്റ്
15. കുടുംബാഗത്വ സർട്ടിഫിക്കറ്റ്
16. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
17. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്

18. ലൈഫ് സർട്ടിഫിക്കറ്റ്
19. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
20. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
21. വാല്യൂവേഷൻ സർട്ടിഫിക്കറ്റ്
22. വിധവ/ വിഭാര്യൻ സർട്ടിഫിക്കറ്റ്
23. മൈനോരിറ്റി സർട്ടിഫിക്കറ്റ്
24. നോൺക്രീമിലെയർ

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളിൽ ഏതെല്ലാം സർട്ടിഫിക്കറ്റുകളുടെ കാലാവധിയാണ് ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വില്ലേജ് ഓഫീസുകളിൽ നിന്നും നിലവിൽ ഓൺലൈനായി നൽകി വരുന്ന സർട്ടിഫിക്കറ്റുകളിൽ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് 04/08/2017 ലെ ജി.ഒ(എം.എസ്)-264/2017/ആർ.ഡി പ്രകാരം 3 വർഷമായി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഡി) | വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിനും പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും(Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും(Modern) ഉറപ്പായും(Assured) ഉത്തരവാദിത്വത്തോടേയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.<br>സംസ്ഥാനത്തു ആകെ 1536 വില്ലേജ് ഓഫീസുകളിൽ സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം ഇതുവരെ 130 വില്ലേജാഫീസുകൾക്ക് നവീകരണം/കെട്ടിട |

നിർമ്മാണത്തിനു ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൽ 49 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി കെട്ടിടങ്ങളുടെ പണി പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**